**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂര്.പി.ഒ, തിരുവനന്തപുരം, പിന് -695035
ഫോണ്: 04712302490 ഫാക്സ്:04712303025/20303080
**ഇ-മെയില് :dhskerala.hlth@kerala.gov.in**
**വെബ്സൈറ്റ്: www.dhs.kerala.gov.in**

## സർക്കുലർ

നം.ഇ എസ്-7/24193/2024/ആ.വ.ഡ(1) തീയതി: 30-10-2024

വിഷയം: ആ.വ -Annual Confidential Report -സമയബന്ധിതമായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിന് കർശന നിർദേശം നല്കുന്നത് -സംബ .

പരാമര്ശം: Circular No. 11918/R1/2006/P&ARD dated. 30/6/2007.

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള ഓഫീസുകളിൽ ലഭിക്കുന്ന ജീവനക്കാരുടെ Annual Confidential Report -കൾ സമയബന്ധിതമായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിൽ വീഴ്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

KS&SSR Part II Rule 28 (b) (i) (4) പ്രകാരം മൂന്നു വർഷത്തെ Annual Confidential Report- നെ ആസ്പദമാക്കിയാണ് സെലെക്ഷൻ പോസ്റ്റുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ Merit and Ability ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ കമ്മിറ്റി വിലയിരുത്തുന്നത്. പ്രസ്തുത Annual Confidential Report ലഭ്യമാകാതിരുന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സെലക്ട് ലിസ്റ്റിൽ വരില്ല, അവർക്കു പ്രമോഷനുംലഭിക്കില്ല.

മേല്പ്പറഞ്ഞ സാഹചര്യത്തിൽ ജീവനക്കാരുടെ Annual Confidential Report ആരോഗ്യ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസുകളിൽ ലഭിച്ചാൽ ആയത് വിശദമായി പരിശോധിച്ച ശേഷം പൂർണ്ണമല്ലെങ്കിൽ ആയത് പരിഹരിക്കുവാൻ രേഖാമൂലം മടക്കി നല്കേണ്ടതാണ്. Annual Confidential Report പൂർണ്ണമാണെന്ന് കണ്ടാൽ അത് ഉടനടി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമാക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വരുന്ന അലംഭാവം

ഗൌരവതരമായി കണക്കാക്കുന്നതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയെല്ലാം അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്.

Signed by
Reena K J
Date: 30-10-2024 11:40:03

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്

ആരോഗ്യ വകുപ്പിന്റെ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും**(Through website of DHS),**